**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 57** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ധവള പത്രം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന്റെ ആകെ കടബാധ്യത അഞ്ച് ലക്ഷം കോടി രൂപ കടന്നതായും റവന്യൂ വരുമാനത്തിന്റെ വലിയൊരു പങ്ക് പ്രതിബദ്ധതാ ചെലവുകൾ (കമ്മിറ്റഡ് എക്സ്പെൻഡീച്ചർ) ക്കായി വിനിയോഗിക്കുന്നതായി ധവളപത്രത്തിൽ വ്യക്തമാക്കിയ സാഹചര്യത്തിൽ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രത വീണ്ടെടുക്കുന്നതിനും മൂലധന നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമായി ശക്തമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. നിലവിലെ പ്രതികൂല സാഹചര്യം ഹ്രസ്വകാല, ദീർഘകാല നടപടികളിലൂടെ തരണം ചെയ്യുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നികുതി, നികുതിയേതര വരുമാനങ്ങളിൽ ബജറ്റ് ലക്ഷ്യങ്ങൾ പൂർണ്ണമായും കൈവരിക്കുന്നതിനൊപ്പം തന്നെ, നികുതി ചോർച്ചയും വരുമാന ചോർച്ചയും തടയുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കും. സർക്കാരിന്റെ ചെലവുകൾക്ക് കൃത്യമായ മുൻഗണന നിശ്ചയിച്ച് അവ വരവുമായി പൊരുത്തപ്പെടുത്തുകയും, എല്ലാ മേഖലകളിലും കർശനമായ സാമ്പത്തിക അച്ചടക്കം പുലർത്തുകയും ചെയ്യും. എന്നാൽ, സംസ്ഥാനത്തിന്റെ സാമ്പത്തിക പരാധീനതകളും ഘടനാപരമായ മാറ്റങ്ങളും പരമ്പരാഗത മാർഗ്ഗങ്ങളിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കില്ലെന്ന തിരിച്ചറിവോടെ, ദീർഘകാലാടിസ്ഥാനത്തിൽ സമ്പദ്ഘടനയുടെ സമഗ്രമായ പുനരുജ്ജീവനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിച്ച് വിവിധ മേഖലകളിൽ വൻകിട നിക്ഷേപങ്ങൾ ആകർഷിക്കാനും, അതുവഴി ഖജനാവിൽ ധനസമാഹരണം നടത്തി ആ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഈ കാഴ്ചപ്പാട് മുൻനിർത്തി അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണന നൽകുന്നതോടൊപ്പം, ജനക്ഷേമ പദ്ധതികൾ മുടങ്ങാതെ മുന്നോട്ടുകൊണ്ടുപോകാനും തൊഴിൽ, നിക്ഷേപം, വികസനം എന്നിവ കേന്ദ്രീകരിച്ചുള്ള സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**(ബി)** ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പുകൾവഴി മുൻകാലങ്ങളിൽ ഉണ്ടായ സുതാര്യതക്കുറവും സാമ്പത്തിക ബാധ്യതയും പരിഹരിക്കാൻ കിഫ്ബി പോലുള്ള സ്ഥാപനങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും എന്തൊക്കെ മാറ്റങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മുൻകാലങ്ങളിൽ ബഡ്ജറ്റിന് പുറത്തുള്ള കടമെടുപ്പുകൾ (Off-Budget Borrowing) വഴി ഉണ്ടായ സുതാര്യതക്കുറവും സാമ്പത്തിക ബാധ്യതയും പരിഹരിക്കാൻ കിഫ്ബി (KIIFB) പോലുള്ള സ്ഥാപനങ്ങളുടെ ഘടനയിലും പ്രവർത്തനത്തിലും കാതലായ മാറ്റങ്ങൾ വരുത്തും. സർക്കാർ എടുത്ത വായ്പയുടെ പലിശ നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് കിഫ്ബി ബജറ്റിതര (Off-Budget Borrowing) വായ്പ എടുക്കുന്നത്. ഇത് സംസ്ഥാനത്തിന്റെ വായ്പയും കടബാധ്യതയും അനുവദനീയമായ പരിധിക്കപ്പുറത്തേയ്ക്ക് വർദ്ധിക്കുന്നതിനും സംസ്ഥാനത്തിന്റെ സാമ്പത്തിക അസന്തുലിതാവസ്ഥയ്ക്കും കാരണമാകുന്നുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ച് കിഫ്ബിയുടെ നിലവിലെ പ്രവർത്തന രീതി സമഗ്രമായി പരിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

**(സി)** റവന്യൂ വരുമാനത്തിന്റെ എഴുപത്തിയേഴ് ശതമാനത്തോളം ശമ്പളം, പെൻഷൻ, പലിശ എന്നിവയ്ക്കായി മാറ്റിവെക്കേണ്ടി വരുന്നതുവഴി വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് (മൂലധന ചെലവ് ) പണം തികയാതെ വരുന്നത് പരിഹരിക്കുന്നതിനായി, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വരുമാന വർദ്ധനവിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** റവന്യൂ വരുമാനത്തിന്റെ വലിയൊരു പങ്ക് നിർബന്ധിത ചെലവുകൾക്കായി മാറ്റിവെക്കേണ്ടി വരുന്നതുവഴി ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പരമ്പരാഗത രീതികൾക്ക് പുറമെ നൂതനമായ വിഭവ സമാഹരണ മാർഗ്ഗങ്ങളാണ് സർക്കാർ ലക്ഷ്യമിടുന്നത്. നികുതി വകുപ്പുകളിൽ ആവശ്യമായ പരിഷ്കാരങ്ങൾ ആവിഷ്കരിക്കും. ചരക്ക് സേവന നികുതി വകുപ്പിൽ **'ഫ്ലഡ് സെസ്സ് കുടിശ്ശിക തീർപ്പാക്കൽ പദ്ധതി 2026'** എന്ന ആംനെസ്റ്റി പദ്ധതി നടപ്പിലാക്കും. ജി.എസ്.ടി. നിയമം വരുന്നതിനു മുൻപുള്ള വിവിധ നികുതികൾ പിരിച്ചെടുക്കുന്നതിനായി **'ചെറുകിട നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി-2026'** നടപ്പിലാക്കും. മോട്ടോർ വാഹന വകുപ്പിൽ ഇ-ചെല്ലാനുകൾ തീർപ്പാക്കുന്നതിനായി ഇ-ചെല്ലാൻ ആംനെസ്റ്റി പദ്ധതി നടപ്പിലാക്കുന്നതാണ്. രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശിക നിവാരണത്തിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**